## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 408 11.06.2013 -ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി. റദ്ദ് ചെയ്ത സർവ്വീസുകൾ

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കൊല്ലം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ എത്ര സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ താൽക്കാലിമായും, പൂർണ്ണമായും റദ്ദ് ചെയ്യപ്പെട്ട സർവ്വീസുകൾ ഏതൊക്കെയാണെന്ന് പ്രത്യേകമായി വ്യക്തമാക്കുമോ; | (എ) | 8 സർവ്വീസുകൾ ജീവക്കാരുടെ കുറവ് മൂലം താൽക്കാലികമായി റദ്ദ് ചെയ്തിരുന്നു. എന്നാൽ പുതിയ ഡ്രൈവർമാർ ജോലിയിൽ പ്രവേശിച്ചതോടുകൂടി റദ്ദ് ചെയ്ത സർവ്വീസുകൾ എല്ലാം തന്നെ പുനരാംഭിച്ചിട്ടുണ്ട്. വേണാട് ബസ്സിന്റെ കുറവ് മൂലം 06.00 മണി, 06.20, 06.40 എന്നീ മൂന്ന് കൊല്ലം - പുനലൂർ വേണാട് സർവ്വീസുകൾ താൽകാലികമായി അയയ്ക്കുന്നില്ല. കൂടാതെ മിനി ബസ് ലഭ്യമല്ലാത്തതിനാൽ 06.15 ഡീസന്റ് മുക്ക് - ഓയൂർ സർവ്വീസും താൽകാലികമായി അയയ്ക്കുന്നില്ല. |
| (ബി) | റദ്ദ് ചെയ്യപ്പെട്ട സർവ്വീസുകളിൽ കഴിഞ്ഞ അഞ്ച് വർഷമായി സർവ്വീസ് നടത്തിയിരുന്നവ ഏതൊക്കെ ഉൾപ്പെട്ടിട്ടുണ്ട്; എന്ത് കാരണത്താലാണ് പ്രസ്തുത സർവ്വീസുകൾ റദ്ദ് ചെയ്യപ്പെട്ടതെന്ന് അറിയിക്കുമോ; | (ബി) | കഴിഞ്ഞ അഞ്ച് വർഷമായി നടത്തിയിരുന്ന സർവ്വീസുകൾ ഒന്നും തന്നെ സ്ഥിരമായി റദ്ദു ചെയ്തിട്ടില്ല. |
| (സി) | നിർത്തൽ ചെയ്ത സർവ്വീസുകൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഒരു സർവ്വീസും സ്ഥിരമായി നിർത്തിവച്ചിട്ടില്ല. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് മൂലം ചില ദിവസങ്ങളിൽ ചില സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടി വരാറുണ്ട്. |

സെക്ഷൻ ഓഫീസർ